# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1698** **05.02.2019** -ലെ മറുപടിയ്ക്ക്

**രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ പദ്ധതി സഹായം ലഭിക്കുന്ന കോളേജുകൾ**

*ചോദ്യം* *ഉത്തരം*

ശ്രീ. അൻവർ സാദത്ത് : **ഡോ. കെ. ടി. ജലീൽ**

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പദ്ധതി പ്രകാരമുള്ള സഹായത്തിനായി സംസ്ഥാനത്തെ എത്ര കോളേജുകളെ ഈ വർഷം തെരഞ്ഞെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) രണ്ടാം ഘട്ട പദ്ധതി പ്രകാരമുള്ള സഹായത്തിനായി സംസ്ഥാനത്തെ താഴെപറയുന്ന എണ്ണം കോളേജുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.<br><br>5 സ്വയംഭരണ കോളേജുകൾ<br>106 എയ്ഡഡ് കോളേജുകൾ<br>10 ഗവൺമെന്റ് കോളേജുകൾ |
| (ബി) | ഇതിൽ സ്വാശ്രയ കോളേജുകൾ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കോളേജുകളെന്ന് അറിയിക്കുമോ; | (ബി) & (സി) | ഇല്ല |
| (സി) | പ്രസ്തുത കോളേജുകളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ ശിപാർശ നൽകിയിരുന്നോ; | | |
| (ഡി) | എയ്ഡഡ് കോളേജുകൾക്ക് റൂസ പദ്ധതിയിൻ കീഴിൽ അനുവദിക്കുന്ന തുകയിൽ സംസ്ഥാന സർക്കാർ വിഹിതവും മാനേജ്മെന്റ് വിഹിതവും എത്ര | (ഡി) | റൂസ രണ്ടാം ഘട്ട പദ്ധതിയുടെ കീഴിൽ അനുവദിക്കുന്ന ഫണ്ട് വിഹിതം സംസ്ഥാന സർക്കാരും എയ്ഡഡ് കോളേജുകളും തുല്യമായി വഹിക്കാമെന്ന് സർക്കാർ അനുമതി നൽകിയിരുന്നു എങ്കിലും, പദ്ധതി |

| | | | |
|---|---|---|---|
| | വീതമാണെന്ന് വ്യക്തമാക്കുമോ? | | നടത്തിപ്പിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് സംസ്ഥാന സർക്കാർ മുഴുവൻ തുകയും വഹിക്കാമെന്നുള്ള തീരുമാനമാണ് നിലവിൽ കൈക്കൊണ്ടിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**